9-ാം വർഷം
2026
ഒക്ടോബർ 18, 2026

മിഷൻ ഞായർ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

# കുടുംബങ്ങളിൽ നിന്ന് കുടുംബങ്ങളിലേക്ക് അയക്കപ്പെട്ടവർ

പുറപ്പാട് 3:1-14, ഏശയ്യ 61:1-6, 10-11,
1 കൊറിന്തോസ് 9:13-18, മത്തായി 10:1-15



**അൽഗോരിതങ്ങളുടെ കാലം:**
ആധുനികലോകം വിചിത്രമായ ഒരു വൈരുദ്ധ്യത്തിന്റെ മധ്യേയാണ്. മുൻപ് ഒരു തലമുറയ്ക്കും ലഭിക്കാത്തവിധം വിവരശേഖരങ്ങളുടെ നിലവറകളിലേക്ക് ഇന്ന് മനുഷ്യർക്ക് വാതായനങ്ങൾ തുറന്നു കിട്ടുന്നുണ്ട്. ഞൊടിയിടയിൽ ലഭ്യമാകുന്ന അറിവുകൾ, അവ തേടാൻ അനന്തമായ സാധ്യതകളും അവസരങ്ങളും! പരസ്പരം ആശയങ്ങൾ പങ്കുവക്കുന്നതിനും ചിത്രങ്ങൾ കൈമാറുന്നതിനും വേണ്ടി വരുന്നത് നിമിഷാർദ്ധങ്ങൾ മാത്രം! ഭൂഖണ്ഡാന്തര സംസാരങ്ങൾ ക്ഷിപ്രസാധ്യം! എന്തിനേറെ പറയുന്നു, ഒരു ഡിജിറ്റൽ എക്കോ സിസ്റ്റം തന്നെ പോക്കറ്റിൽ കൊണ്ടുനടക്കാം എന്ന അത്ഭുതാവഹമായ വികസനത്തിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നു.



ഡോ. അലക്സ് വഴുതനപ്പിള്ളിൽ

ഇത്രയൊക്കെ ജീവിതസാഹചര്യ സമൃദ്ധികളുടെ മദ്ധ്യേയും മനുഷ്യർ ഒറ്റപ്പെട്ടു പോകുന്ന ഒരനുഭവം സർവ്വദൃശ്യമാണ്. എല്ലാം ഉള്ളപ്പോഴും എന്തിനൊക്കെയോ വേണ്ടി അന്വേഷി ക്കുന്നതുപോലെ! ഭൂമിക്കൊരു ചരമഗീതം എന്ന കവിതയിൽ കവി ഒഎൻവി കുറുപ്പ് കുറിച്ചതുപോലെ 'ആടിമുകിൽമാല കുടിനീരു തിരയുന്നു; ആതിരകൾ കുളിരു തിരയുന്നു, ആവണികളൊരു കുഞ്ഞുപൂവു തിരയുന്നു; ആറുകളൊഴുക്കു തിരയുന്നു.' മനുഷ്യൻ ഇന്ന് അനുഭവിക്കുന്നത് ഒരുതരം ഏകാന്തതയാണ്, ജന നിബിഡരഥ്യകളിലും നിർജനപാത കളിലും ഏകാകിയായി അവൻ നടന്നു നീങ്ങുന്നു. ശബ്ദങ്ങളും ദൃശ്യങ്ങളും ഗ്രന്ഥങ്ങളും ഭൂപട മൊരുക്കുന്ന പൊതുധാരയിൽ നിന്ന് വിച്ഛേദിക്കപ്പെടുകയും (disconnected) ചിതറിക്കപ്പെടുകയും (fragmented) ചെയ്യുന്ന ഒരു അവസ്ഥ. ശരിയാണ്. വിചിത്രമായ ഒരു വൈരുദ്ധ്യം ആധു നിക ലോകത്തിനുണ്ട്. എല്ലാം ഉള്ള പ്പോഴും ഒന്നും ഇല്ലാത്ത ഒരു അവസ്ഥ!

## Food delivery apps:

സമൂഹത്തിന്റെയും സഭയുടെ യുമൊക്കെ ചെറു പതിപ്പുകളും ഗുണഗണങ്ങളിൽ ജീവിക്കുന്ന പരിച്ഛേദങ്ങളുമാണല്ലോ കുടുംബ ങ്ങൾ. ഗാർഹിക സഭയെന്നാണ് കുടുംബങ്ങളെ വിശേഷിപ്പിക്കുന്നതും. ഒരുമിച്ചു വരികയും ഒത്തുചേർന്നിരി ക്കുകയും പരസ്പരം മുഖത്തോടു മുഖം നോക്കിയിരുന്ന് വർത്തമാനം പറഞ്ഞ് ആഘോഷമാക്കുകയും ചെയ്യേണ്ട സംഗമവേദികളാണ് തീൻമേശകൾ. ചിരിമേളങ്ങളുടെ അകമ്പടിയോടെ നടത്തുന്ന സ്വാദി ഷ്ടമായ ഭോജന പ്രക്രിയ ഔദ്യോഗിക വും അനൗദ്യോഗികവുമായി കൈമാറ്റം ചെയ്യപ്പെടുന്ന കുടുംബ സദസ്സുകളിലെ ആശയ വിനിമയങ്ങളുടെ മൂല്യങ്ങൾ ഏറെ വിശിഷ്ടകരവും പ്രോത്സാഹനങ്ങ ളുടേയും തിരുത്തലുകളുടെയും ആശയവിതരണങ്ങളുടെയും അറിവുപകർന്നുകൊടുക്കലിന്റെയും സജീവ വേദികൾ. മനുഷ്യനെ ഒരു സമൂഹജീവിയാക്കുന്നതിൽ ഈവിധ മുള്ള കുടുംബാന്തരീക്ഷങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. എന്നാൽ ഇന്ന് കാലം മാറി; കഥമാറി. അവനവന്റെ രുചിമുകുളങ്ങൾക്ക് പ്രിയമേറുന്ന ഭക്ഷണ വിഭവങ്ങളുമായി പാഞ്ഞെ ത്തുന്ന Swigsy bpw Zomato യും uber eats ഉം Eatsure ആപ്പുമൊക്കെ ചേർന്ന് കുടുംബസദസ്സുകളെ ചിതറിച്ചു. (Fragmented) സൗകര്യപ്രദമായ സ്വന്തം ഇടങ്ങളിൽ ഇഷ്ടഭോജനങ്ങളുമായി കുടുംബങ്ങൾ വിഭജിക്കപ്പെട്ടു. ഒന്നാലോചിച്ചാൽ, ഇക്കാലത്ത് കുടുംബബന്ധങ്ങളുടെ കെട്ടുറപ്പിനെ പോറലേൽപ്പിക്കുന്നതിൽ ഫുഡ് ഡെലിവറി ആപ്പുകൾക്കും ചെറുത ല്ലാത്തൊരു പങ്കില്ലേ എന്ന് നമ്മൾ സന്ദേഹിച്ചുപോകും! ലൂക്കായുടെ സുവിശേഷത്തിൽ ഏതാണ്ടു പത്തോളം അവസരങ്ങൾ, തീൻമേശ അനുഭവങ്ങളുമായി കടന്നുവരു ന്നുണ്ട്. ഓർക്കണം, 2000 വർഷങ്ങൾ ക്കു മുൻപേ, ഇപ്രകാരമുള്ള ഒരു സംവിധാനത്തിന്റെ മഹനീയത രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്! ഈ വിധമുള്ള തീൻമേശ അനുഭവങ്ങളുടെ അഭാവം ഇന്ന് കുടുംബാംഗങ്ങൾ ക്കിടയിൽ ഒരു സോഷ്യൽ സ്പേയ് സിന് ന്യൂനം വരുത്തുന്നുണ്ട്. Are we connected എന്ന ചോദ്യം കുടുംബ ങ്ങളിൽ തന്നെ പ്രസക്തമാവുകയും ചെയ്യുന്നു. പുറത്തു നിന്നു കാണുന്ന ചന്തത്തിനപ്പുറത്തേക്ക്, അകത്തള ങ്ങളിൽ സമാധാന സങ്കേതങ്ങളാ ണോ എന്ന അന്വേഷം കാലത്തിന്റെ ആവശ്യം കൂടിയായി മാറുന്നു.

## Charity begins at home:

ഇതാണല്ലോ പൊതു പ്രമാണം. അങ്ങനെ എങ്കിൽ, നമ്മുടെ കുടുംബങ്ങൾ തന്നെ ആവേണ്ടേ മിഷൻ പ്രവർത്തനങ്ങളുടെ ഏറ്റവും പ്രിയമാർന്ന ഭൂമിക? കുടുംബങ്ങളാണ് സമൂഹങ്ങളേയും രാഷ്ട്രങ്ങളേയും ബ്രമാണ്ഡമായ ഈ ലോകത്തേയും തന്നെ രൂപപ്പെടുത്തുന്നത്. അടി സ്ഥാനപരമായ പ്രഘോഷണങ്ങൾ അരങ്ങേറേണ്ട വേദിയും കുടുംബ ങ്ങൾ തന്നെ എന്നതിൽ തർക്കമു ണ്ടെന്നു തോന്നുന്നില്ല. കുടുംബ രൂപീകരണത്തിന് അടിസ്ഥാന ശിലയാകേണ്ട വിവാഹജീവിത ത്തിലേക്ക് പ്രവേശിക്കാൻ യുവജനങ്ങൾ വൈമുഖ്യം പ്രകടി പ്പിക്കുന്ന ഈ കാലഘട്ടത്തിൽ, അവിവാഹിതരായി കഴിയുന്ന യുവതീ യുവാക്കളുടെ എണ്ണം ആശങ്കാജനക മാംവിധം വർദ്ധിച്ചുവരികയാണ്. നമ്മുടെ സഭാ സമൂഹങ്ങളിലും ഈ പ്രവണത ബലപ്പെടുന്നു എന്നത് നാം കാണാതെ പോകരുത്. നേർക്കാഴ്ച കളായി വർത്തിക്കുന്ന കുടുംബബന്ധ ങ്ങളുടെ വശ്യത ദർശിച്ച്, കുടുംബ ജീവിതത്തിലേക്ക് ആകർഷിക്കപ്പെ ടേണ്ട യുവത്വം എങ്ങനെയാണ് വികർഷിക്കപ്പെടുന്നത് എന്നത് നമ്മുടെ ചിന്തകൾക്ക് തീപിടിപ്പി ക്കേണ്ട വിഷയം തന്നെയാണ്. കണ്ണുകൾകൊണ്ട് കേൾക്കുന്ന ഇടമാണ് കുടുംബം എന്ന ബോധ്യ ത്തിലേക്ക് നടന്നടുക്കാനുള്ള മിഷൻ പ്രവർത്തനവേദിയായി കുടുംബങ്ങൾ മാറട്ടെ. ധൂർത്തപുത്രന്റെ ഉപമ ഓർമ്മ വരുന്നു. സർവ്വബന്ധങ്ങളും വെട്ടി മുറിച്ച് വീടുവിട്ടിറങ്ങിയ മകനേയും നിശബ്ദമായി ക്ഷണിക്കുന്ന ഒരു വീടിന്റെ സൗഭാഗ്യ വേദി!

## നമ്മളും അയയ്ക്കപ്പെട്ടവർ തന്നെ:

മിഷൻ ഞായറുമായി ബന്ധപ്പെട്ട് ഇന്നേ ദിവസം നമ്മുടെ വിചിന്തന ത്തിനായി നൽകപ്പെട്ടിരിക്കുന്ന എല്ലാ വായനകളും അയയ്ക്കപ്പെടലുമായി ചേർന്നു നിൽക്കുന്നവയാണ്. ഈജിപ് തുകാരുടെ അടിമത്വത്തിൽനിന്ന്

തന്റെ ജനതയെ മോചിപ്പിക്കുവാൻ മോശയെ അയയ്ക്കുന്നു. സുവിശേഷ പ്രഘോഷണത്തിനായി അയയ്ക്കപ്പെടേണ്ടതിന്റെ പ്രാധാന്യം പൗലോസ് ശ്ലീഹാ കൊറിന്തോസിലെ സഭയെ ഓർമ്മപ്പെടുത്തുന്നു. തന്നോടൊപ്പം ആയിരിക്കാനും അശുദ്ധാത്മാക്കളെ ബഹിഷ്കരിക്കാനും രോഗവ്യാധികൾ സുഖപ്പെടുത്താനുമുള്ള അധികാരം നൽകി അപ്പസ്തോലന്മാരെ ദൈവ രാജ്യപ്രഘോഷണത്തിനായി ഈശോ അയക്കുന്ന വിശുദ്ധ ഗ്രന്ഥഭാഗവുമായി മത്തായി സുവിശേഷകൻ മാമ്മോദീസായും തൈലാഭിഷേകവും വഴി നമ്മളും അയക്കപ്പെട്ടവരുടെ ഗണത്തിലാക്കണല്ലോ ചേർക്കപ്പെട്ടിരിക്കുന്നത്.

Mitere എന്ന ലത്തീൻ പദത്തിൽ നിന്നാണ് മിഷനറി എന്ന പദം രൂപം കൊണ്ടത്. അയയ്ക്കപ്പെടുക എന്ന അർത്ഥവും നമ്മുടെ മിഷനറി ദൗത്യത്തെ ഓർമ്മപ്പെടുത്തുന്ന ഒരു ദിനം കൂടിയാണ് ഇന്ന്. നമ്മുടെ മിഷൻ പ്രവർത്തനങ്ങൾ നമ്മുടെ കുടുംബങ്ങളിൽ തുടങ്ങാം. ഓർക്കാം, നമ്മോടൊപ്പം ആയിരിക്കുന്നവർ ചിലപ്പോൾ വായിക്കാൻ പോകുന്ന ഏക ബൈബിൾ നമ്മൾ തന്നെയാവാം.

## One in Christ, United in mission :

ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് പാപ്പ ആരംഭമിട്ട മിഷൻ ഞായർ ആചരണത്തിന് ഇന്ന് ശതവാർഷികമാണ്. ഇതോടനുബന്ധിച്ച് ലെയോ പതിന്നാലാമൻ പാപ്പ പുറപ്പെടുവിച്ചിരിക്കുന്ന സന്ദേശത്തിന്റെ ശീർഷകമാണ് ഉപതലക്കെട്ടായി കുറിച്ചിരിക്കുന്നത്. ഈ സന്ദേശത്തിൽ എന്നെ ഏറെ ആകർഷിച്ച ഭാഗം, Mission & love എന്നതാണ്. ഈ ചിന്ത വിശദീകരിക്കവേ, പിതാവ് ഓർമ്മപ്പെടുത്തുന്നു.



proclaiming, living and sharing god's faithful love എന്നതാണ് പരമപ്രധാനം. ശരിയാണ്, ജീവിക്കുന്ന സാക്ഷ്യങ്ങളാണ് കാലഘട്ടത്തിന്റെ ആവശ്യം. അത് നമ്മുടെ വീടുകളിലും അനിവാര്യമാണ്.

## ആകാശയാത്രകളിലെ അറിയിപ്പുകൾ:

ഈ കാലഘട്ടത്തിന്റെ ഒരു നേർക്കാഴ്ച വിശദമാക്കാനാണ് ഈ കുറിപ്പിന്റെ ആദ്യഭാഗത്ത് ഞാൻ ശ്രമിച്ചത്. രണ്ടാം ഭാഗത്ത് അയയ്ക്കപ്പെടലിന്റെ പ്രധാന്യവും ഭൂമികയും പ്രതിപാദിക്കാനും. ഇവ രണ്ടും ചേർത്തു വായിക്കുമ്പോഴേ മിഷൻ സൺഡേ ആചരണത്തെ പ്രസക്തമാക്കുന്ന വേദികളിലേക്ക് നമുക്ക് കടന്നു ചെല്ലാനാകൂ. സാമ്പത്തിക സാഹയങ്ങളും മധ്യസ്ഥ പ്രാർത്ഥനകളും പ്രഘോഷണങ്ങളും ഒക്കെ മിഷൻ ഞായർ ആചരണത്തിന്റെ സാമ്പ്രദായിക ലക്ഷ്യങ്ങളായി നിർവചിക്കപ്പെടാം. എന്നാൽ അതിനുമപ്പുറത്തേക്ക് തെളിമയുള്ള ജീവിത സാക്ഷ്യങ്ങൾ എന്ന മഹിത ചിന്തയിലേക്ക് നമ്മൾ കടന്നുവരണം. നമ്മുടെ ഭവനങ്ങളിൽ നിന്നു തന്നെ നമുക്ക് തുടങ്ങാം.

ആകാശയാത്രകളിലെ അറിയിപ്പുകൾ ശ്രദ്ധിച്ചിട്ടില്ലേ. വിമാനത്തിന്റെ ക്യാബിനുള്ളിലെ വായുസമ്മർദ്ദം കുറഞ്ഞു വരുന്ന അടിയന്തരസാഹചര്യങ്ങളിൽ ശ്വസനസഹായത്തിനായി നമുക്ക് ലഭിക്കുന്ന ഓക്സിജൻ മാസ്കുകളെക്കുറിച്ചുള്ള അറിയിപ്പുകൾ. നാം അവ സ്വയം ഉപയോഗിച്ച് നമുക്ക് ശ്വസിക്കാൻ സാധിക്കുന്നു എന്നുറപ്പാക്കിയതിനുശേഷമേ, മറ്റുള്ളവരേ സഹായിക്കാവൂ. അത് സ്വന്തം മക്കളാണെങ്കിലും ഏറ്റം അടുത്ത ബന്ധുജനങ്ങളാണെങ്കിലും. നമുക്ക് സ്വയം മിഷനറിമാരാകാം. ശേഷം അപരിചിതർക്ക് അവ പകർന്നു കൊടുക്കാം.

ദൈവം വിളിച്ചപ്പോൾ, ഒഴികഴിവുകൾ പറഞ്ഞ് പിന്മാറാൻ നോക്കിയ മോശയെ ഒരു ജനതയെ തന്നെ നയിക്കുവാൻ നിയോഗിച്ച ദൈവം. നമ്മളേയും അവിടുന്ന് വിളിക്കുന്നുണ്ട്. നമ്മുടെ ഭവനങ്ങളിൽ മിഷനറിമാരാകാൻ. ഏറ്റെടുക്കാം, നമുക്ക് ധൈര്യപൂർവ്വം, ആ ദൗത്യം. ഓർക്കണം, ഒഴികഴിവുകൾ നമ്മുടെ മുൻപിൽ പ്രസക്തമല്ല. കാരണം, നമ്മുടേതാണ് കുടുംബങ്ങൾ. അവിടേക്കാണ് നാം അയയ്ക്കപ്പെട്ടിരിക്കുന്നതും.

*(കുവൈറ്റിൽ ഉദ്യോഗസ്ഥനും എഴുത്തുകാരനുമാണ് ലേഖകൻ)*

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com